ജലസേചനവും ഭരണവും തിരുവനന്തപുരം ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ: പ്രിയേഷ്.ആർ)

(പൂർണ്ണ അധിക ചുമതല)

വിഷയം : ജലസേചനം-വിജിലൻസ്- ശ്രീ.സുരേഷ് കുമാർ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാത്തത് – സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് അച്ചടക്ക നടപടി അവസാനിപ്പിച്ചു കൊണ്ട് ഉത്തരവാകുന്നു .

പരാമർശം : 1) 02.11.2020 തീയതിയിലെ പ്രോജക്ട്, അഡ്മിനിട്രേറ്റീവ് അസിസ്റ്റന്റിന്റെ യു.ഒ.നോട്ട് നം. എ3/23728/2 020.
2) 22.02.21 തീയതിയിലെ ഇതേ നം.കുറ്റപത്രം, കുറ്റാരോപണ പത്രിക.
3) 23.11.2022 തീയതിയിലെ ഇതേ നം.നടപടി ക്രമം.
4) 05.12.2022 ലെ JS(A)/2021 **നം.** ഔപചാരിക അന്വേഷണ റിപ്പോർട്ട്.
5) 12.05.2023 ലെ കാരണം കാണിക്കൽ നോട്ടീസ്.

## ഉത്തരവ് നം.വിജി1/2912/2020. തീയതി. 08.08.2023

ശ്രീ.സുരേഷ് കുമാർ. കെ, കാസർകോഡ് ഹൈഡ്രോളജി സെക്ഷനിൽ അസിസ്റ്റന്റ് എഞ്ചിനീയറായി ജോലി നോക്കി വരവെ സർക്കാർ അനുവദിച്ച 20 വർഷത്തെ ശൂന്യവേതനാവധിയെ തുടർന്ന് 19.01.2020 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിനാൽ 1960 ലെ കേരള സിവിൽ സർവ്വീസുകൾ തരം)തിരിക്കലും നിയന്ത്രണവും അപ്പീലുംചട്ടങ്ങ (ളനുസരിച്ച് ടിയാൾക്കെതിരെ ഈ കാര്യാലയത്തിൽ നിന്നും പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിരുന്നു. ആയത് ടിയാളുടെ ലഭ്യമായ മേൽവിലാസത്തിൽ രജിസ്റ്റേഡ് തപാലായി അയച്ചുകൊടുത്തുവെങ്കിലും കുറ്റപത്രം മേൽവിലാസക്കാരൻ ' ഇന്ത്യക്ക് പുറത്ത് ' എന്ന കാരണം രേഖപ്പെടുത്തി തപാൽ വകുപ്പ് മടക്കിയിരുന്നു.

തുടർന്ന് ടിയാനെതിരെയുള്ള നോട്ടീസ് ജലസേചന വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ടി വിവരം കണ്ണൂർ ജില്ലയിൽ പ്രചാരമുള്ള ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. തുടർന്നും ടിയാളിൽ നിന്നും യാതൊരു പ്രതികരണവും ലഭിക്കാത്ത സാഹചര്യത്തിൽ ചട്ട പ്രകാരം പരാമർശം (3) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ച് ഔപചാരിക അന്വേഷണം നടത്തുകയുണ്ടായി. പരാമർശം (4) പ്രകാരം സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ ശ്രീ.സുരേഷ് കുമാർ.കെ വിദേശത്ത് ജോലി ചെയ്യുകയാണെന്നും തുടർന്ന് ഈ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ തുടരാൻ താൽപര്യമില്ലായെന്നു അറിയിച്ചതായി റിപ്പോർട്ട് ചെയ്തിരുന്നു.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ 19.01.2020 മുതൽ ടിയാനെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട്, പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് ടിയാളുടെ മേൽവിലാസത്തിൽ നൽകിയിരുന്നു. ആയത് കൈപ്പറ്റാതെ ഈ കാര്യാലയത്തിൽ തിരികെ ലഭിക്കുകയുണ്ടായി.

പ്രസ്തുത സാഹചര്യത്തിൽ, നടപടിക്രമങ്ങൾ പൂർത്തിയാക്കി അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ.സുരേഷ് കുമാർ.കെ യെ 19.01.2020 മുതൽ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി, ടിയാൾക്കെതിരായ അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ചീഫ് എഞ്ചിനീയർ
(പൂർണ്ണ അധിക ചുമതല)

സ്വീകർത്താവ്

Sri.Suresh Kumar.K
Global Engineering Director,
Acero Building Systems,
Jabel Ali Industrial Area 1
Post Box No.61059, Dubai.UAE

പകർപ്പ് – 1) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഇറിഗേഷൻ
2) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, അഡ്മിനിസ്ട്രേഷൻ
3) ഇറിഗേഷൻ വെബ് സൈറ്റ്.

എസ്.എൽ. 09.08.23